**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്താമോ; കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 22/02/2017ലെ സ.ഉ(സാധാ)നം. 146/2017/ജവിവ പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ 1) ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും - ചെയർമാൻ 2) ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2 - കൺവീനർ 3) ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി - മെമ്പർ 4) സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ - മെമ്പർ ടെക്നിക്കൽ കമ്മിറ്റി പ്രത്യേക റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിലും 29/04/2020 ലെ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിലെ തീരുമാന പ്രകാരം പൂർത്തീകരിക്കുവാനുള്ള 2,3,5 &6 എന്നീ നാല് റീച്ചുകളിലേയും പ്രവൃത്തികൾ ക്രോഡീകരിച്ച് നിലവിൽ കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യം വേണ്ട പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തികൊണ്ട് ഒറ്റ പ്രവൃത്തിയാക്കി നിലവിലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കനാലിന്റെ രണ്ട്, അഞ്ച് റീച്ചുകളുടെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | അംഗീകാരം നൽകിയിട്ടില്ല. രണ്ടാം (ചെ. 1210മീ. മുതൽ 2560 മീ. വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്. അഞ്ചാം (ചെ. 5430 മീ. മുതൽ 7330 മീ വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ 10/09/2021ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇനി എത്ര റീച്ചുകളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; മുളക്കുളം പഞ്ചായത്തിലെ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | 2, 3, 5 & 6 എന്നീ നാല് റീച്ചുകളുടെ പണികൾ പൂർത്തീകരിക്കുവാനുണ്ട്. മുളക്കുളം പഞ്ചായത്തിൽ പതിനേഴാം വാർഡിലെ ആറാമത്തെ റീച്ചിൽ ഉൾപ്പെടുന്ന ചെ. 9700മീ. റോഡ് ക്രോസിങ്ങിലെ |

| | | | |
|---|---|---|---|
| | | | താൽകാലിക പാലം പുനരുദ്ധരിച്ചു കൊണ്ട് അപകടാവസ്ഥ പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തകർന്ന് കിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ കനാൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ